**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 783** **14-01-2021 - ൽ മറുപടിയ്ക്ക്**

**കോർപ്പസ് ഫണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ. എ. നെല്ലിക്കുന്ന് | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികജാതി ഉപപദ്ധതിയിൽ വിഭാവനം ചെയ്യുന്ന പദ്ധതികളിലുള്ള വിടവ് നികത്തുന്നതിനാണ് കോർപ്പസ് ഫണ്ട് അനുവദിക്കുന്നത്. കോർപ്പസ് ഫണ്ടിന്റെ 3-ൽ 1 ഭാഗം ജില്ലകൾക്ക് നൽകി വരുന്നു. കുടിവെള്ള വിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം, പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിയ്ക്ക് ഉതകുന്ന പ്രവൃത്തികൾ എന്നിവയ്ക്കാണ് ഫണ്ട് വിനിയോഗിക്കുക. 25.00 ലക്ഷം രൂപവരെയുള്ള പ്രോജക്ടുകൾക്ക് ജില്ലാതലത്തിൽ അംഗീകാരം നൽകുന്നു. 25.00 ലക്ഷം രൂപയിൽ അധികരിക്കുന്ന പദ്ധതികൾ ജില്ലാതല സമിതിയുടെ അംഗീകാരത്തോടെ സ്റ്റേറ്റ് വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിക്കുന്നു. പട്ടികവർഗ്ഗവികസനവകുപ്പ് പദ്ധതികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് പരിശോധിച്ച് ഡയറക്ടർക്ക് സമർപ്പിക്കണം. |
| (ബി) | കോർപ്പസ് ഫണ്ട് ഉപയോഗിച്ചു ചെയ്യാവുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | കുടിവെള്ള വിതരണം, ഗതാഗത സൗകര്യ വികസനം, വൈദ്യുതി വിതരണം, സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിയ്ക്ക് ഉതകുന്ന പ്രോജക്ടുകൾ നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പദ്ധതി പൂർത്തീകരിക്കുകയും എന്നാൽ കമ്മീഷൻ ചെയ്യാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ടുകൾ കമ്മീഷൻ ചെയ്യുന്നതിനും ടി തുക വിനിയോഗിക്കാവുന്നതാണ്. വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾക്കും കോർപസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്. |
| (സി) | കോർപ്പസ് ഫണ്ട് എപ്പോഴെല്ലാമാണ് അനുവദിക്കുന്നത്; വർഷം പരമാവധി ഇത്ര തവണ | (സി) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാനദണ്ഡങ്ങൾ പാലിച്ച് ലഭ്യമാകുന്ന പ്രോജക്ടുകൾ ജില്ലാ കളക്ടർ |

| | | | |
|---|---|---|---|
| | മാത്രമേ അനുവദിക്കാവൂ എന്ന നിയന്ത്രണവും നിബന്ധനയും ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | | ചെയർമാനായുള്ള കോർപസ് ഫണ്ട് ജില്ലാ സമിതി അംഗീകരിക്കുന്ന പ്രോജക്ടുകൾക്കാണ് ഫണ്ട് അനുവദിക്കുന്നത്. വർഷം പരമാവധി ഇത്ര തവണ മാത്രമേ അനുവദിക്കാവൂ എന്നത് സംബന്ധിച്ച നിബന്ധനകൾ ഒന്നും തന്നെ ഇല്ല. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പസ് ഫണ്ടിൽ നിന്ന് അനുവദിച്ച തുക എത്രയാണെന്നും ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ? | (ഡി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ